പതിനാലാം കേരള നിയമസഭ

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 3547

15/03/2018 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം

ചോദ്യം

**ശ്രീ.എ.എം. ആരിഫ്**
**ശ്രീ.എം.മുകേഷ്**
**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**
**ശ്രീ.പി.ടി.എ. റഹീം**

(എ) സംസ്ഥാനത്ത് 2011-2016 കാലയളവിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളായിരുന്നു നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുൻകാലത്ത് നഷ്ടത്തിലായിരുന്നതും അല്ലാത്തതുമായ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

ഉത്തരം

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് വ്യവസായവകുപ്പിൻെറ അധീനതയിൽ 2011-12 മുതൽ 2016-17 വരെയുള്ള കാലയളവിൽ തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിൻെറയും മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ വിശകലനം RIAB മുഖേന നടത്തിയിട്ടുണ്ട്. കൂടാതെ RIAB മുഖേന മാസം തോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെൻറ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്.

ഇതിൻെറ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സർക്കാരിന്റെ ഇടപെടലിനെ തുടർന്ന് ഏതെല്ലാം സ്ഥാപനങ്ങൾ ലാഭകരമാക്കാൻ കഴിഞ്ഞുവെന്നും, ഓരോന്നും കൈവരിച്ച നേട്ടങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ;

(സി) 2015-16 ൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2016-17 ൽ ലാഭത്തിലാകുകയുണ്ടായി

| Sl. No | Company | Net Profit / Loss (Rs. Crores) | |
|---|---|---|---|
| | | 2015-16 | 2016-17 (Prov) |
| 1 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | -4.47 | 8.53 |
| 2 | ട്രാവങ്കൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | -7.37 | 6.33 |
| 3 | ട്രാകോ കേബിൾ കമ്പനി ലിമിറ്റഡ് | -9.70 | 1.52 |
| 4 | ട്രാൻസ്ഫോർമേഴ്സ് & ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | -14.79 | 1.06 |
| 5 | സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | -0.77 | 2.14 |

(ഡി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും സർക്കാർ തുടർനടപടി സ്വീകരിക്കുമോ?

(ഡി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ സ്ഥാപനങ്ങളുടെ നവീകരണ, വിപുലീകരണ പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻഗണന നൽകുന്നത്. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

**List of loss making PSUs under Industries Deparatment during the period from 2011-12 to 2016-17**

| | |
|---|---|
| 1 | Alleppey Co-operative Spinning Mills Ltd |
| 2 | Autokast Ltd |
| 3 | Handicrafts Development Corporporation (Kerala) Ltd |
| 4 | Hantex |
| 5 | Keltron Component Complex Ltd |
| 6 | Kerala Automobiles Ltd |
| 7 | Kerala Electrical & Allied Engineering Company Ltd. |
| 8 | Kerala State Bamboo Corporation Ltd. |
| 9 | Kerala State Handloom Development Corporation Ltd |
| 10 | Kerala State Textile Corporation Ltd |
| 11 | SAIL-SCL Kerala Ltd |
| 12 | Sitaram Textiles Ltd |
| 13 | The Cannannore Co-operative Spinning Mills Ltd |
| 14 | The Kerala Ceramics Ltd |
| 15 | The Malappuram Co-operative Spinning Mills Ltd |
| 16 | The Metal Industries Ltd |
| 17 | The Quilon Co-operative Spinning Mills Ltd |
| 18 | The Travancore Cements Ltd |
| 19 | The Trichur Co-operative Spinning Mills Ltd |
| 20 | Trivandrum Spinning Mills Ltd |
| 21 | United Electrical Industries Ltd |

സെക്ഷൻ ഓഫീസർ